2025 ആഗസ്റ്റ്
15
വെള്ളി

# ഡിജി ടൈംസ്

എച്ച് എം വൈ എച്ച് എസ് എസ് മഞ്ചേരി

EMAIL - littlekiteshmyhss@gmail.com

LITTLE KITES UNIT HMYHSS MANJERI

## ജംഷീദും ഫൈസാനും ലീഡർമാർ

മഞ്ചേരി. നിത്യ ജീവിതത്തിൽ ജനാധിപത്യത്തിന്റെയും, തെരഞ്ഞെടുപ്പിന്റെയും പ്രാധാന്യം വ്യക്തമാക്കി കൊടുക്കാൻ സ്കൂൾ പാർലമെന്ററി ഇലക്ഷൻ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൂലൈ പത്തിന് നടത്തുകയുണ്ടായി. ഇലക്ഷൻ വിജ്ഞാപനം മുതൽ ഇലക്ഷൻ ഫലപ്രഖ്യാപനം വരെയുള്ള വിവിധ ഘട്ടങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന തരത്തിലാണ് ഇലക്ഷൻ നടത്തിയിരുന്നത് 2025 -26 അധ്യായന വർഷത്തേക്കുള്ള ഹൈസ്കൂൾ,യുപി ലീഡർ സ്ഥാനത്തേക്കാണ് കുട്ടികൾ മത്സരിച്ചത്.എട്ടു ബൂത്തുകളിലായി നടത്തിയിരുന്ന പോളിംഗ് ആധുനിക രീതിയിലുള്ള ഇ വി എം ഉപയോഗിച്ചാണ് നടത്തിയിരുന്നത്. ഇലക്ഷൻ ഫലപ്രഖ്യാപനം അന്നേദിവസം തന്നെ നടത്തുകയും ഹൈസ്കൂൾ ലീഡറായി മുഹമ്മദ് ജംഷീദ് കെ ഡെപ്യൂട്ടി ലീഡർ ഫാത്തിമ



ഫിദ യുപി ലീഡറായി ഫൈസാൻ കെ ടി ഡെപ്യൂട്ടി ലീഡറായി നിവേദ്യ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു

## വിജ്ഞാന വിപ്ലവത്തിന്റെ അമ്പതാണ്ട്

മഞ്ചേരി നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് "ഹിദായത്തുൽ മുസ്ലിമീൻ യത്തീംഖാന ഹയർ സെക്കണ്ടറി സ്കൂൾ. യത്തീംഖാന സ്ക്കൂൾ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്.1976 ല് ആണ് ഈ സ്ക്കൂൾ ആരംഭിച്ചത്.

ചരിത്രം

അനാഥരും നിരാലംബരുമായ ബാല്യങ്ങളുടെ സംരക്ഷണം ഏറ്റെടുത്ത് 1970-ൽ മഞ്ചേരി പാണ്ടിക്കാട് റോഡിൽ അനാഥമന്ദിരം സ്ഥാപിച്ചു പിന്നോക്കാവസ്ഥയും അരക്ഷിത ബോധവും കാരണം സാമൂഹ്യ ജീവിതത്തിൽനിന്ന് ഉൾവലിഞ്ഞ മുസ്ലിം സമൂഹത്തിന്റെ മത ഭൗതിക വിദ്യാഭ്യാസ പുരോഗതിക്കായി മഞ്ചേരി കേന്ദ്രമാക്കി 1897-ൽപ്രവർത്തനമാരംഭിച്ച ഹിദായത്തുൽ മുസ്ലിമീൻ സഭയുടെ തുടർച്ചയായുണ്ടായ മുന്നേറ്റം തന്നെയാണ് മഞ്ചേരിയിൽയതീംഖാ ന സ്ഥാപിക്കുന്നതിന് പ്രചോദനമായത്.

200-ഓളം അനാഥകളും അഗതികളും ഇവിടെ സംരക്ഷിക്കപ്പെടുന്നു.




അവരുടെ പുനരധിവാസത്തിനും ഉയർച്ചക്കും വേണ്ടി --- ------ ഹയർസെകൻഡറി, ഐ.ടി.സി എച്ച്.എം അക്കാദമി ഓഫ് ആർട്സ് ആൻഡ് സയൻസ്, എച്ച്.എം കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, എച്ച്.എം ഡിജിറ്റൽ റഫറൻസ് ലൈബ്രറി വിവിധ സ്ഥാപനങ്ങളും ഒരേ ഘട്ടത്തിലും ആരംഭിക്കുകയുണ്ടായി.

1976-ൽ അപ്പർപ്രൈമറി സ്കൂളിലൂടെ ആരംഭിച്ച വിദ്യാഭ്യാസ മുന്നേറ്റം ഇന്ന് ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽബിരുദ ബിരുദാനന്തരപഠനം വരെയുള്ള സൗകര്യങ്ങളിൾ എത്തിനിൽക്കുന്നു. 1981-ൽ ഹൈസ്കൂളും 1998-ൽ ഹയർ സെക്കണ്ടറിയും ആരംഭിച്ച സ്കൂൾ ഇന്ന് പ്രശംസനീയമായ നിലയിലാണ് നടന്നു വരുന്നത്. ഭൗതികസൗകര്യങ്ങൾ 7 ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 49 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 14 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനും യു പി ക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം 65 കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

## സൗഹൃദ ഫുട്ബോൾ മത്സരം



എൻ എസ് എസ് കോളേജ് ഗ്രൗണ്ടിൽ നടന്ന അണ്ടർ 14 മലപ്പുറം ഫുട്ബോൾ ക്യാമ്പ് ടീമുമായുള്ള സൗഹൃദ മത്സരത്തിൽ HMYHSS മഞ്ചേരിയുടെ അണ്ടർ 15 ഫുട്ബോൾ ടീം 4-2 ന് വിജയിച്ചു.



വീശിഷ്ഠ അതിഥി അനീസ് സർ സംസാരിക്കുന്നു


## അറബിക് ക്ലബ്ബ് ഉദ്ഘാടനം

മഞ്ചേരി: എച്ച്.എം.വൈ.എച്ച്.എസ്.എസ്. മഞ്ചേരിയിലെ "അലിഫ് അറബിക് ക്ലബ്" 2025 ജൂലൈ 4-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് സ്കൂൾ ഹെഡ് മാസ്റ്റർ അൻവർ ഷക്കീൽ സർ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

കരുവാരകുണ്ട് ഹൈ സ്കൂളിലെ അറബി അദ്ധ്യാപകനും പ്രശസ്ത അറബി കവിയും സാഹിത്യകാരനും കൂടിയായ അനീസ് കൂരാടാണ് വീശിഷ്ഠ അതിഥിയായത് . പാടിയും പറഞ്ഞും ഭാഷയിൽ ക്ലബ് പ്രവർത്തനങ്ങളുടെ പ്രസക്തിയും അറബിക് ഭാഷയുടെ ആഗോള പ്രാധാന്യവും വിദ്യാർത്ഥികൾക്ക് ബോധ്യപ്പെടുത്തി.

പരിപാടിയിൽ സ്റ്റാഫ് സെക്രട്ടറി , അറബി അധ്യാപകർ , അറബി ക്ലബ് പ്രതിനിധികൾ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. അറബി ഭാഷയോടുള്ള വിദ്യാർത്ഥികളുടെ താത്പര്യവും ഭാഷാ അഭിരുചിയും വർധിപ്പിക്കാൻ ക്ലബ്ബ് സഹായകമാകുമെന്ന ഉറച്ച വിശ്വാസം പരിപാടി പങ്കെടുത്തവരിൽ കണ്ടു പരിപാടി വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള പ്രിയം വളർത്തുന്നതിനും സാഹിത്യരചനയിൽ താല്പര്യമുള്ളവർക്കായി ഒരു വേദി ഒരുക്കുന്നതിനും വലിയ സംഭാവനയായി.

## ലിറ്റിൽ കൈറ്റ്സ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് വിജയികളെ പ്രഖ്യാപിച്ചു



മഞ്ചേരി, ജൂലൈ 21, 2025 – HMYHSS മഞ്ചേരി-യിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലിറ്റിൽ കൈറ്റ്സ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് 2025-ൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ സ്കൂൾ അംഗീകരിച്ച് ആദരിച്ചു. ഈ മത്സരത്തിൽ മൊത്തം 360 വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു.

താല്പര്യവും കഴിവും തെളിയിച്ചുകൊണ്ട് മത്സരത്തിൽ മുന്നേറ്റം നടത്തിയ വിദ്യാർത്ഥികളാണ് റാങ്ക് പട്ടികയിൽ ഇടം നേടിയത്:ഒന്നാം സ്ഥാനം: അംറീൻ (8N) രണ്ടാം സ്ഥാനം: റന ആരിഫ് (8C) മൂന്നാം സ്ഥാനം: ഷിഫ മറിയം (8I) നാലാം സ്ഥാനം: ഹിശ ഫാത്തിമ (8C) വിജയികളെ സ്കൂൾ പ്രിൻസിപ്പാളും മറ്റു അധ്യാപകരും അഭിനന്ദിച്ചു.

ഐസിടി പഠനത്തിലും ലജിക് ചിന്തനത്തിലും കുട്ടികളെ ഉന്നത നിലവാരത്തിൽ എത്തിക്കാൻ ലിറ്റിൽ കൈറ്റ്സ് ക്ലബ് മികച്ച വേദിയാണെന്ന് അവർ അഭിപ്രായപ്പെട്ടു.

## ലിറ്റിൽ കൈറ്റ്സ്" യൂണിഫോം പ്രകാശനം

മഞ്ചേരി എച്ച്. എം. വൈ. ഹയർ സെക്കണ്ടറി സ്കൂൾ, ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പുതിയ യൂണിഫോം ഔപചാരികമായി HM ഷക്കീൽ സർ പ്രകാശനം ചെയ്തു. വിദ്യാർത്ഥികളുടെ സാങ്കേതിക വിദ്യയിലേക്കുള്ള പങ്കാളിത്തം വർദ്ധിപ്പി ക്കുന്നതിനുള്ള ഒരു കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ലാവണ്ടർ നിറത്തിൽ



ലിറ്റിൽ കൈറ്റ്സയൂണിഫോം പ്രകാശനം HM ഷക്കീൽ സർ നിർവ്വഹിക്കുന്നു

രൂപകൽപ്പന ചെയ്ത ഈ യൂണിഫോം, നാവിക നീല നിറത്തിലുള്ള Little KITES HMYHSS MANJERI എന്ന ലോഗോയും സ്കൂൾ ഐഡന്റിറ്റിയും കുട്ടികളിൽ ഐക്യ ബോധം വർദ്ധിപ്പിക്കുന്നതിൽ നിർണായകമാണ്. പ്രകാശന ചടങ്ങിൽ സ്കൂളിലെ അധ്യാപകർ, വിദ്യാർത്ഥികൾ, ഐ.ടി വിഭാഗം കോ-ഓർഡിനേറ്റർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു. യൂണിഫോമിന്റെ രൂപകല്പനയും വിതരണവും നിർവഹിച്ചത് .

## കൂടെയുണ്ട് കരുത്തേകാം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കൂടെയുണ്ട് കരുത്തേകാൻ പദ്ധതിയുടെ ഭാഗമായി മഞ്ചേരി HMY HSS ലെ മുഴുവൻ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും സ്കൂൾ NSS യൂണിറ്റിന്റെ നേതൃത്വത്തിൽ. ജീവിതമാണ് ലഹരി ,, റോഡ് സുരക്ഷ, നിയമം, ശുചിത്വം, കാമാരക്കാരുടെ മാനസിക സുസ്ഥിതി എന്നീ വിഷയങ്ങളിൽ ക്ലാസ് നൽകി. പ്രിൻസിപ്പാൾ സി.കെ സാലിഹ്, NSS പ്രോഗ്രാം ഓഫീസർ മുഹമ്മദ് മൻസൂർവി.കെ , സൗഹൃദ ക്ലബ്ബ് കോ-ഓർഡിനേറ്റർ വനജ എന്നിവർ നേതൃത്വം നൽകി



# ചാന്ദ്രദിനം: ക്വിസ് മത്സരം നടത്തി



മഞ്ചേരി: ജൂലൈ 21-നാണ് ലോകം അന്താരാഷ്ട്ര ചന്ദ്രദിനം ആചരിക്കുന്നത്. ഇതിന്റെ ഭാഗമായി എച്ച്.എം.വൈ.എച്ച്.എസ് .എസ്. മഞ്ചേരിയിൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സയൻസ് ക്വിസ് മത്സരം സംഘടിപ്പിച്ചു.

"From Earth to Moon, we reached the skies – On Moon Day, let dreams rise!" എന്ന സന്ദേശവുമായി നടന്ന പരിപാടി വിദ്യാർത്ഥികളിൽ ജ്ഞാനാന്വേഷണത്തി ന്റെയുംബഹിരാകാശശാസ്ത്രത്തിന്റെയും ആവേശം ഉണർത്തി.

മത്സരത്തിൽ വിവിധ ക്ലാസുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. ചന്ദ്രന്റെ വ്യത്യസ്ത ഘട്ടങ്ങൾ, ബഹിരാകാശ യാത്രകൾ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ തുടങ്ങിയ വിഷയങ്ങൾ അടിസ്ഥാനമാക്കിയായി രുന്നു ക്വിസ്. മത്സരത്തി ന്റെ എല്ലാ ഘട്ടങ്ങളിലും കൗതുകവും വിജ്ഞാന വും നിറഞ്ഞിരുന്നു. പരിപാടിയുടെ മുഖ്യ ല ക്ഷ്യം വിദ്യാർത്ഥികൾക്ക് ബഹിരാകാശ പഠനത്തി ലേക്കുള്ള താത്പര്യവും ചിന്താശേഷിയും വളർത്തുക എന്നതായിരുന്നു. മത്സര വിജയികൾക്കായി സാക്ഷ്യപത്രങ്ങളും സമ്മാനങ്ങളും സ്കൂൾ അധികൃതർ വിതരണം ചെയ്തു.

ഹെഡ് മാസ്റ്റർ, ക്ലബ് ഇൻചാർജ് അധ്യാപകർ, ക്ലബ് അംഗങ്ങൾ എന്നിവർ ക്വിസ് മത്സരം വിജയകരമായി നടത്തുന്നതിൽ നിർണായക പങ്ക് വഹിച്ചു.

# ഈജിപ്തിൽ ആസ്ട്രോ ഫിസിക്സിൽ പ്രൊജക്ട് അവതരിപ്പിക്കാൻ മഞ്ചേരി സ്വദേശിനിക്കു ക്ഷണം



ലാമിയ തെർഷ

മഞ്ചേരി: ഈജിപ്തിൽ ആസ്ട്രോ ഫിസിക്സിൽ പ്രൊജക്ട് അവതരിപ്പിക്കുന്നതിനായി ഇ ന്ത്യയിൽ നിന്നും രണ്ടുപേർക്ക് ക്ഷണം. അതിലൊരാൾ മഞ്ചേരി യൂണിറ്റി കോളജിലെ എം.എ *സ്.സി ഫിസിക്സ് വിദ്യാർഥിനി കെ.ലാമിയ തെർഷ. കോഴിക്കോ ട് സ്വദേശിനി ജൗഹറയാണ് ര ണ്ടാമത്തെയാൾ. HMYHSS ഹയർ സെക്കന്ററി സയൻസ് വിദ്യാർത്ഥിനിയായിരുന്നു

# അറബിക് ടാലെന്റ് പരീക്ഷ





മഞ്ചേരി: തുറക്കൽ സ്കൂളിൽ വെച്ച് നടന്ന ഉപജില്ലാ തലംഅറബിക് ടാലെന്റ് പരീക്ഷയിൽ എച് എസ് എസ് വിഭാഗം ഒന്നാം സ്ഥാനം യത്തീം ഖാന സ്കൂളിലെ ലിയാനയും യു പി വിഭാഗം മൂന്നാം സ്ഥാനം അയാൻ സി കെ യും കരസ്ഥമാക്കി

# സമഗ്ര പ്ലസ് ടീച്ചിംഗ് മാനുവൽ ശില്പശാല



മഞ്ചേരി: HMYHSS മഞ്ചേരി സ്കൂളിൽ സമഗ്ര പ്ലസ് അധ്യാപന മാർഗ്ഗനിർദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള പരിശീലന ക്ലാസിന് ആധാരശിലയിട്ടു. പരിപാടിയുടെ ഉദ്ഘാടനം സ്കൂൾ ഹെഡ്മാസ്റ്റർ അൻവർ ഷക്കീൽ സാർ നിർവഹിച്ചു. പരിപാടിയിൽ വിവിധ വിഷയങ്ങളിലെ അധ്യാപകർ ലേഖന രൂപീകരണത്ത പങ്കെടുക്കുകയായിരു ന്നു. നമ്മുടെ പഠന ക്രമങ്ങൾ കൂടുതൽ സ്റ്റുഡന്റ് സെന്റേഡായതും പ്രവൃത്തി അധിഷ്ഠി തവുമായതാകേണ്ടത് അത്യന്താപേക്ഷിതമാ ണ്. സമഗ്ര പ്ലസ് പദ്ധതി അതിനുള്ള മികച്ച ഇടപെടലാണ്, എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ക്ലാസിനുശേഷം വിഷയവൈകല്യമുള്ള ടീച്ചർമാർ ഉൾപ്പെട്ട ഗ്രൂപ്പുകൾ രൂപീകരിച്ചു. ഓരോ ഗ്രൂപ്പും സ്വന്തം വിഷയത്തെ ആസ്പദമാക്കിയുള്ള പ്രായോഗിക-പഠനോ പാധികൾ, പ്രവർത്ത നങ്ങൾ, വിലയിരുത്തലുകൾ എന്നിവ ഉൾപ്പെടുത്തി Teaching Manual രൂപപ്പെടുത്തുന്നതിനു ള്ള നടപടികൾ ആരംഭിച്ചു.ഇതര അധ്യാപകരുടെയും ക്ലബ് അംഗങ്ങ ളുടെയും സഹകരണം ഈ പദ്ധതിക്ക് ശക്തി യേകി. സ്കൂളിലെ ഭാവി പഠനരീതികൾക്ക് സമഗ്രമായ മാറ്റം പ്രതീക്ഷിക്കുന്നതായി ക്ലാസ് കോർഡിനേറ്റർമാർ അറിയിച്ചു.

# വാങ്മയം ഭാഷാപ്രതിഭ പരീക്ഷ



മലയാള ഭാഷയിലെ പ്രതിഭകളെ കണ്ടെത്താനായി വിദ്യാരംഗം കലാസാഹിത്യ വേദി വാങ്മയം ഭാഷാപ്രതിഭ പരീക്ഷ നടത്തി. നിരവധി കുട്ടികൾ ഈ മത്സര പരീക്ഷയിൽ പങ്കെടുത്തു. ഇവരിൽ നിന്ന് രണ്ട് കുട്ടികൾ സബ്ജില്ല തലത്തിലേക്ക് യോഗ്യത നേടി. എട്ടാം ക്ലാസിൽ പഠിക്കുന്ന സാരംഗി, ഫാത്തിമ ഷെസ എന്നി കുട്ടികളാണ് വിജയികൾ .

# ലോക ജനസംഖ്യ ദിനപ്രസംഗ മത്സരം

മഞ്ചേരി: HMYHSS മഞ്ചേരിയിലെ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൂലൈ 11-ലെ ലോക ജനസംഖ്യ ദിനത്തോടനുബന്ധിച്ച് പ്രസംഗ മത്സരം സംഘടിപ്പിച്ചു. "ആധുനിക ഇന്ത്യയും ജനസംഖ്യ വർദ്ധനവും" എന്ന വിഷയത്തിലാണ് മത്സരം സംഘടിപ്പിക്കപ്പെട്ടത്.

മത്സരത്തിൽ എട്ടാം മുതൽ പത്താം വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾ ആവേശത്തോടെ പങ്കെടുത്തു. ജനസംഖ്യയുടെ വളർച്ച, അതിന്റെ സാമൂഹിക-ആരോഗ്യപരമായ പ്രത്യാഘാതങ്ങൾ, വികസനത്തിന് സൃഷ്ടിക്കുന്ന വെല്ലുവിളികൾ എന്നിവ പ്രസംഗങ്ങളിൽ കൃത്യമായി പ്രതിഫലിപ്പിക്കപ്പെട്ടു.

പരിശീലനം നേടിയതും ആഴത്തിലുള്ള ആലോചനകൾ പങ്കുവെച്ചതുമായ നിരവധി മത്സരാർത്ഥികൾക്കിടയിൽ വിജയികളായവർ: ഫസ്റ്റ് പ്രൈസ്: ഹാനൻ പി.പി. (9A) സെക്കൻഡ് പ്രൈസ്: ഹിന ഫാത്തിമ (8B) താഡ് പ്രൈസ്: ലിയ ഫാത്തിമ (8G), അഹ്സൻ റയ്യാൻ (10E) — സമം

വിജയികൾക്ക് സ്കൂൾ അധികൃതരും ക്ലബ് അംഗങ്ങളും അഭിനന്ദനങ്ങൾ അറിയിച്ചു. വിദ്യാർത്ഥികളിൽ ജ്ഞാനാന്വേഷണത്തിന്റെ യുംബഹിരാകാശശാസ്ത്ര ത്തിന്റെയും ആവേശം ഉണർത്തി.




# വായനയുടെ ലോകം: പുസ്തകാസ്വാദനമൽസരം നടത്തി



വായനയുടെ വാതായനങ്ങൾ തുറന്നു കൊണ്ട് വിദ്യാരംഗം കലാസാഹിത്യവേദിയു ടെ ആഭിമുഖ്യത്തിൽ പുസ്ത പരിചയം മത്സരം നടത്തി. നിരവധി കുട്ടികൾ പങ്കെടുത്തു.6 മത്സരാർത്ഥികളെ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുത്തു.

മലയാള ഭാഷയിലെ പ്രതിഭകളെ കണ്ടെത്താനായി വിദ്യാരംഗം കലാസാഹിത്യ വേദി വാങ്മയം ഭാഷാപ്രതിഭ പരീക്ഷ നടത്തി. നിരവധി കുട്ടികൾ ഈ മത്സര പരീക്ഷയിൽ പങ്കെടുത്തു. ഇവരിൽ നിന്ന് രണ്ട് കുട്ടികളെ സബ്ജില്ല തലത്തിലേക്ക് യോഗ്യത നേടി. എട്ടാം ക്ലാസിൽ പഠിക്കുന്ന സാരംഗി, ഫാത്തിമ ഷെസ എന്നീ കുട്ടികളാണ് വിജയികൾ വിദ്യാരംഗം കലാസാഹിത്യവേദിയു ടെ ആഭിമുഖ്യത്തിൽ, വായനാശീലത്തെ പ്രോത്സാഹിപ്പിക്കാനും സാഹിത്യത്തെക്കുറിച്ചു ള്ള അറിവ് വർദ്ധിപ്പിക്കാനുമായി സംഘടിപ്പിച്ച പുസ്ത പരിചയം മത്സരം വിദ്യാർത്ഥികൾക്കിടയി ൽ വലിയ സ്വീകാര്യത നേടി. വിവിധ തരം പുസ്തകങ്ങളെ ആസ്പദമാക്കി നടത്തപ്പെട്ട ഈ മത്സരത്തിൽ നിരവധി കുട്ടികൾ ഉത്സാഹപൂർവം പങ്കെടുത്തു. പ്രാഥമിക റൗണ്ടുകളിലൂടെയും താൽപര്യപരീക്ഷണങ്ങ ളിലൂടെയും കടന്നുപോയ ശേഷമാണ് ആറ് മത്സരാർത്ഥികളെ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുത്തത്.

# ഇംഗ്ലീഷ് പ്രസംഗ മത്സരം ശ്രദ്ധേയമായി



"ക്യാരക്ടർ ഈസ് ഡെസ്റ്റിനി" വിഷയമായി ഇംഗ്ലീഷ് ക്ലബ്ബ് പ്രസംഗ മത്സരം ജൂലൈ 28 സ്കൂൾ ഓഡിറ്റോറിയത്തിൽ

ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. "Character is Destiny" എന്ന അഭിപ്രായപരമായ വിഷയം ചർച്ചയായ മത്സരം, വിദ്യാർത്ഥികൾക്കിടയിൽ വലിയ സ്വാധീനവും ഉണർന്ന ചിന്തകളുടെയും വേദിയായി മാറി.

മത്സരത്തിൽ വിവിധ ക്ലാസ്സുകളിൽ നിന്നുള്ള മത്സരാർത്ഥികൾ പങ്കെടുത്തു. വ്യക്തിയുടെ സ്വഭാവവും മൂല്യങ്ങളും അവന്റെ ഭാവിയേയും വിജയങ്ങളേയും നിർണയിക്കുന്നതിലാ ണ് ആധാരമെന്ന സന്ദേശം ഉൾക്കൊണ്ട്, വിദ്യാർത്ഥികൾ ശക്തമായ പ്രസംഗങ്ങൾ നടത്തി.

മത്സരത്തിന് നേതൃത്വം നൽകിയ അദ്ധ്യാപകരുടെ സമിതിയിൽ നിന്ന് നടത്തിയ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വിജയികളെ പ്രഖ്യാപിച്ചു ഒന്നാം സ്ഥാനം: ഹന്നാൻ പി പി 9B ,രണ്ടാം സ്ഥാനം: ലിയാന ആദിൽ 10E മൂന്നാം സ്ഥാനം: ഹന ആരിഫ് 8A, എന്നിവർ കരസ്ഥമാക്കി.

# കൗതുകമുണർത്തി അറബിക് അസംബ്ലി



UP അലിഫ് അറബിക് ക്ലബ്ബിൻറെ കീഴിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

UP വിഭാഗത്തിലെ ഈ വർഷത്തെ ആദ്യത്തെ അസംബ്ലിയായി നടന്ന അറബിക് അസംബ്ലി ശ്രദ്ധേയമായി. ഏഴാം ക്ലാസുകാർക്കാണ് അസംബ്ലി സംഘടിപ്പിച്ചത്.

അസംബ്ലിയുടെ തുടക്കം മുതൽ ഒടുക്കം വരെ നിയന്ത്രിച്ചത് പൂർണ്ണമായും കുട്ടികളായിരുന്നു.അതും അറബിയിൽ തന്നെ.

പ്രധാനാധ്യാപകൻ അൻവർ ഷക്കീൽ സർ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ മുജീബ് മാഷ് അറബിക് ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ചും നേട്ടത്തെക്കുറിച്ചും സംസാരിച്ചു. തുടർന്ന് കുട്ടികൾ തയ്യാറാക്കിയ മജല്ല ഹെഡ്മാസ്റ്റർ പ്രകാശനം ചെയ്തു.സർട്ടിഫിക്കറ്റ് വിതരണവും നടത്തി.

UP വിഭാഗം ഇൻ ചാർജ് അഷ്റഫ് സാർ, ജൗഹർ മാഷ്, റെജീന ടീച്ചർ, ഷിഹാർ മാഷ് എന്നിവർ സംസാരിച്ചു.

അലിഫ് അറബിക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വായനാ മത്സരവും നടത്തി.

അഞ്ചാം ക്ലാസിന്റെ വായനാ മത്സരത്തിൽ 5D ലെ അയാൻ , 5B യിലെ ഷമീൽ, അബ്റിയ എന്നിവർ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി

ആറാം ക്ലാസിലെ മത്സരത്തിൽ 6 C യിലെ ഹനാൻ, ഹിഷാ മെഹറിൻ 6H ലെ അമീൻ എന്നിവരും ഏഴാം ക്ലാസിന്റെ മത്സരത്തിൽ 7F ലെ നജാ ഫാത്തിമ 7H ലെ ജുമാന തസ്നി, എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങളും 7D യിലെ നഷാ ഫാത്തിമ, മിൻഹ എന്നിവർ മൂന്നാം സ്ഥാനവും നേടി

# ഫ്രഷേഴ്സ് ഡേ ആഘോഷിച്ചു.

എച്ച്.എം.വൈ.ഹയർ സെക്കണ്ടറി വിഭാഗം സംഘടിപ്പിച്ച ഫ്രഷേഴ്സ് ഡേ ആഘോഷം വിദ്യാർത്ഥി സൗഹൃദത്തിന്റെയും കലാ മികവിന്റെയും വേദിയായി മാറി. പ്രിൻസിപ്പൽ ശ്രീ സി.കെ സാലിഹ് സർ ഉത്ഘാടനം നിർവഹിച്ചു..സീനിയർ വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ പ്രോഗ്രാമിനെ ആവേശമാക്കി.

പ്രോഗ്രാമിന്റെ സമാപന സന്ദേശം കൺവീനർ ശ്രീ AB അമീൻ സർ നൽകി. മുഴുവൻ വിദ്യാർത്ഥികളും, അധ്യാപകരും ഉൾപ്പെട്ട ഈ പരിപാടി വിദ്യാലയത്തിലൊരു വിശേഷ ദിനമായി




# ബാഗ് മേക്കിങ് ക്യാമ്പ്

വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ബാഗ് മേക്കിങ് ക്യാമ്പ് സംഘടിപ്പിച്ചു.

ക്യാമ്പിന്റെ ഭാഗമായി വിവിധതരത്തിലുള്ള എകോ ഫ്രണ്ട്‌ലി ബാഗുകൾ നിർമ്മിക്കാൻ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. റീസൈക്കിൾ ചെയ്ത മെറ്റീരിയലുകൾ



തുണി, മുതലായവ ഉപയോഗിച്ച് ബാഗുകൾ തയ്യാറാക്കി.

വിദ്യാർത്ഥികൾക്ക് നവീന ചിന്തകളും സംരംഭകത്വ വിദ്യകളും വളർത്താനായ ഒരു മികച്ച അവസരമായി ക്യാമ്പ് മാറി. ക്യാമ്പിൽ സ്കൂളിലെ വിവിധ ക്ലാസുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ക്യാമ്പിന്റെ വിജയത്തിനായി കൂട്ടായി പ്രവർത്തിച്ചു.

നോൺ വോവൻ ക്ലോത്ത് ഉപയോഗിച്ച്

മൂന്നു വിധം ബാഗ് ഫയൽ പൗച് മേക്കപ്പ് ബാഗ്. NIT ITI institute ടീച്ചേർസ് വന്നു ക്ലാസ്സ്‌ എടുത്തു

വർക്ക് എക്സ്പീരിയൻസ് ടീച്ചർ റഫ്ഷി ടീച്ചറുടെ നേതൃത്വത്തിൽ നടന്ന പ്രോഗ്രാമിൽ വിദ്യാർത്ഥികൾക്ക് ബാഗ് നിർമ്മാണത്തിലെ അടിസ്ഥാനം മുതൽ മുഴുവൻ പ്രക്രിയയും വിശദമായി പഠിക്കുവാൻ അവസരമായി.

# സയൻസ് എക്സിബിഷൻ

ജൂലൈ 21 ചാന്ദ്രദിനത്തോടനുബന്ധിച്ചുള്ള യുപി വിഭാഗം സയൻസ് ക്ലബ് നടപ്പിലാക്കിയ എക്സിബിഷൻ പ്രധാനാധ്യാപകൻ അൻവർ ഷക്കീൽ സാർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വിദ്യാർഥികൾ കൊണ്ടുവന്ന വിവിധതരം മോഡലുകളും പതിപ്പുകളും ചാർട്ടുകളും പ്രദർശിപ്പിച്ചു.

ട്രെയിനിങ് ടീച്ചേഴ്സിന്റെയും യുപി വിഭാഗം അധ്യാപകരുടെയും പങ്കാളിത്തം കൊണ്ട് പ്രദർശനം കുട്ടികൾക്ക് കൗതുകം ഉണർത്തി



# സയൻഷ്യ ശാസ്ത്ര ക്ലബ്ബ് ഉദ്ഘാടനം

വിദ്യാർത്ഥികളിൽ ശാസ്ത്രീയ അവബോധവും ഗവേഷണാത്മക ചിന്തയും വളർത്തുക എന്ന ലക്ഷ്യത്തോടെ സ്കൂളിലെ "സയൻഷ്യ" ശാസ്ത്ര ക്ലബ്ബിന്റെ ഔദ്യോഗിക ഉദ്ഘാടനം ജൂലൈ 7, തിങ്കളാഴ്ച വർണ്ണാഭമായ ചടങ്ങുകളോടെ നടന്നു. പ്രശസ്ത ശാസ്ത്രജ്ഞനും വിദ്യാഭ്യാസ വിദഗ്ധനുമായ ഡോ. ഹുസൈൻ കൂരിമണ്ണിലാണ് ക്ലബ്ബിന്റെ ഉദ്ഘാടനം നിർവഹിച്ചത്.

സ്കൂൾ പ്രധാനാധ്യാപകൻ ഷക്കീൽ സാറിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ, ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ മുജീബ് സാർ, അഷ്റഫ് സാർ, സോഫിയ ടീച്ചർ, അസീസ് സാർ, ഉമ്മുൽ ഖൈർ ടീച്ചർ, ഷബീബ് സാർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനും പുതിയ കണ്ടെത്തലുകളിലേക്ക് അവരെ പ്രചോദിപ്പിക്കുന്നതിനും ക്ലബ്ബ് ഒരു മുതൽക്കൂട്ടാകുമെന്ന് അവർ അഭിപ്രായപ്പെട്ടു.

പരിപാടിക്ക് സ്വാഗതം ആശംസിച്ചത് ഇർഷാദ് സാറാണ്. ഈ അധ്യയന വർഷം സയൻഷ്യ ക്ലബ്ബ് ആസൂത്രണം ചെയ്യുന്ന വിവിധ പരിപാടികളെക്കുറിച്ചും ശാസ്ത്ര വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അവസരങ്ങളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. തുടർന്ന്, സ്റ്റുഡന്റ്സ് കൺവീനർ അജ്‌വദ് അമീൻ സദസ്സിന് നന്ദി പറഞ്ഞു. സയൻഷ്യ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പിന്തുണ അദ്ദേഹം അഭ്യർത്ഥിച്ചു.

ഈ വർഷം സയൻഷ്യ ക്ലബ്ബ് വിവിധതരം ശാസ്ത്ര പ്രദർശനങ്ങൾ, സെമിനാറുകൾ, ക്വിസ് മത്സരങ്ങൾ, പ്രോജക്റ്റ് വർക്കുകൾ എന്നിവ സംഘടിപ്പിക്കാൻ ഒരുങ്ങുകയാണ്. വിദ്യാർത്ഥികളുടെ ശാസ്ത്രപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രായോഗികമായ അറിവ് നേടുന്നതിനും ഈ പ്രവർത്തനങ്ങൾ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

# ഗണിത ക്വിസ് മത്സരം





ഹൈസ്കൂൾ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ സംഘടിപ്പിച്ച ഗണിത ക്വിസ് മത്സരം 2025 ഓഗസ്റ്റ് 1-ന് വിജ്ഞാന സമൃദ്ധമായ രീതിയിൽ നടന്നു. ഗണിത ശാസ്ത്രത്തിലെ അറിവുകൾ വികസിപ്പിക്കുക, ലജ്ജാതീതമായ ചിന്തയും കൂട്ടായ്മയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സരം സംഘടിപ്പിച്ചു.

മത്സരം നാലാം പീരിയഡ് സ്കൂൾ ഓഡിറ്റോറിയത്തിൽ ആരംഭിച്ചു. പ്രധാനാധ്യാപകന്റെ അധ്യക്ഷതയിൽ ആരംഭിച്ച പരിപാടിയിൽ ഗണിത വിഭാഗം ക്ലബ് കൺവീനർ ജസ്ന ടീച്ചർ സ്വാഗതം ആശംസിച്ചു.

മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച് 10 F ക്ലാസിലെ ഷാഹിൻ മുഹമ്മദ് വിജയി ആയി. രണ്ടാം സ്ഥാനം 10 F ക്ലാസ്സിലെ ഹാദിനൗഷിൻ നേടിയപ്പോൾ മൂന്നാം സ്ഥാനം 9C ക്ലാസ്സിലെ റിംഷ അബ്ദുൽ ഗഫൂർ കരസ്ഥമാക്കി.ക്വിസ് മാസ്റ്റർ മഹ്റൂഫ് സാർ നന്ദി പറഞ്ഞു

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മികച്ച സമ്മാനാനുഭവമായിരുന്നു ഈ മത്സരം.



ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ ഗണിത ക്വിസ് മത്സരം സംഘടിപ്പിച്ച

# ലിറ്റിൽ കൈറ്റ്
## 2025–28 ബാച്ച് ആരംഭിച്ചു



ലിറ്റിൽ കൈറ്റ് 2025–28 ബാച്ചിലേക്ക് പുതിയ കുട്ടികളെ പ്രവേശിപ്പി ക്കുന്നതിന് അംഗീകാരം ലഭിച്ചു. ഇത്തവണ രണ്ട് ബാച്ചുകളിലായി ആകെ 80 കുട്ടികൾ അഭിരുചി പരീക്ഷയിൽ വിജയിച്ച് ക്ലബിലെ അംഗത്വം നേടിയത് ശ്രദ്ധേയമാണ്. ഇവർക്ക് ഡിജിറ്റൽ വിദ്യാഭ്യാസം, കോഡിംഗ്, ആനിമേഷൻ തുടങ്ങിയ മേഖലകളിൽ പരിശീലനം ലഭ്യമാകുന്ന തരത്തിലായിരിക്കും പരിശീലനം. ലിറ്റിൽ കൈറ്റ് അധ്യാപകർ ആയ ഷെറീന , അസീന , നൗഫൽ , അമീൻ എന്നിവരാണ് ക്ലബ്ബിന് നേതൃത്വം നൽകി വരുന്നത്.

# ശാസ്ത്ര സെമിനാർ

നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയംസിന്റെ (NCSM) നിർദ്ദേശപ്രകാരം സ്കൂൾ സയൻസ് ക്ലബ്ബ് "ക്വാണ്ടം യുഗം ആരംഭിക്കുന്നു: സാധ്യതകളും വെല്ലുവിളികളും" എന്ന വിഷയത്തിൽ സെമിനാർ അവതരണ മത്സരം സംഘടിപ്പിച്ചു .യുവ വിദ്യാർത്ഥികളുടെ മനസ്സിൽ ശാസ്ത്രീയ അന്വേഷണത്തിന്റെയും വിശകലന ചിന്തയുടെയും മനോഭാവം വളർത്തുക എന്നതാണ് ശാസ്ത്ര സെമിനാറിന്റെ ലക്ഷ്യം. ഓരോ സംസ്ഥാനത്തും കേന്ദ്രഭരണ പ്രദേശത്തും മത്സരാധിഷ്ഠിതമായാണ് ശാസ്ത്ര സെമിനാർ നടക്കുക. ദേശീയ തലത്തിൽ അവസാനിക്കുന്നതിന് മുമ്പ് സ്കൂൾ, ബ്ലോക്ക്/ താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിലാണ് സെമിനാർ സാധാരണയായി സംഘടിപ്പിക്കുന്നത്.

**പ്രേംചന്ദ് ദിനം**


# ഹിന്ദി ഉപന്യാസ മത്സരം സംഘടിപ്പിച്ചു

മഞ്ചേരി, ജൂലൈ 31: പ്രമുഖ ഹിന്ദി സാഹിത്യകാരനായ മുൻശി പ്രേംചന്ദിന്റെ ജന്മദിനത്തോട് അനുബന്ധിച്ച്, HMY ഹയർ സെക്കൻഡറി സ്കൂളിൽ 'പ്രേംചന്ദിന്റെ ജീവചരിത്രം' എന്ന വിഷയത്തിൽ ഉപന്യാസ മത്സരം നടത്തി.

സ്കൂൾ ഹിന്ദി വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മത്സരത്തിൽ, ഉയർന്ന ക്ലാസുകളിലെ വിദ്യാർത്ഥികൾ സംവേദനപരമായും ചിന്താപരമായും അവതരണങ്ങൾ നടത്തി. 8 മുതൽ 10 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. പ്രഥമസ്ഥാനം ആദർശ കെ പി(8I) രണ്ടാം സ്ഥാനം സനന്ദ് (8I) എന്നിവർ നേടി അഭിനന്ദനങ്ങളോടെ പരിപാടിക്ക് സമാപനം കുറിച്ചു.

സ്കൂളിലെ ഹിന്ദി ക്ലബ്ബ് ഇത് തുടർന്നും വർഷത്തിൽ വിവിധ സാഹിത്യ പ്രവർത്തനങ്ങളുമായി മുന്നോട്ട് കൊണ്ടുപോകുമെന്ന് അറിയിച്ചു.

# ഐടി ക്വിസ് വിജയികൾ



മഞ്ചേരി, ജൂലൈ 20: എച്ച്.എം.വൈ എച്ച്.എസ്.എസ് മഞ്ചേരിയി നടന്ന ഐ.റ്റി. ക്വിസ് മത്സരത്തിൽ വിജയികളെ പ്രഖ്യാപിച്ചു. യൂപി വിഭാഗത്തിൽ ഗയൽ മെഹ്റിഷ് (7G) ഒന്നാം സ്ഥാനവും, ഷെസ ഫാത്തിമ (6A) രണ്ടാം സ്ഥാനവും, മുഹമ്മദ് ജലാലുദിൻ (6D) മൂന്നാം സ്ഥാനവും നേടി.

ഐ.ടി. ക്ലബ്ബിന്റെ ആഭ്യാനത്തോടെ നടത്തുന്ന ഈ മത്സരത്തിൽ എല്ലാ വിദ്യാർത്ഥികളും മികച്ച പ്രകടനം കാട്ടി. വിജയികളായവർക്ക് സമ്മാനങ്ങളും Certificates സമർപ്പിച്ചു.

# ഇംഗ്ലീഷ് അസംബ്ലി



മഞ്ചേരി, ജൂലൈ 29, 2025: എച്ച്.എം.വൈ എച്ച്.എസ്.എസ് മഞ്ചേരിയിൽ ഇംഗ്ലീഷ് ഭാഷാപ്രാവീണ്യവും ആത്മവിശ്വാസവും പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിച്ചു. അഞ്ചാം ക്ലാസ് വിദ്യാർത്ഥികൾ നേതൃത്വം നൽകിയ അസംബ്ലി രാവിലെ 10:30ന് പ്രാർത്ഥനയോടെ ആരംഭിച്ചു, തുടർന്ന് ഇംഗ്ലീഷിൽ പ്രതിജ്ഞ നടന്നു."ഇന്നത്തെ ചിന്ത" എന്ന വിഷയത്തിൽ ഒരു വിദ്യാർത്ഥി ബഹുമാനത്തെക്കുറിച്ചുള്ള ഉദ്ധരണി അവതരിപ്പിച്ചു. ദേശീയ-അന്തർദേശീയ വാർത്തകൾ വായിച്ചും നല്ല ശീലങ്ങളെക്കുറിച്ചുള്ള പ്രസംഗം നടത്തിയും വിദ്യാർത്ഥികൾ ശ്രദ്ധേയരായി.അധ്യാപകരായ മുഹമ്മദ് അഷ്റഫ്, അർഷദ്, ശബ്ന എന്നിവർ വിദ്യാർത്ഥികളെ പ്രശംസിക്കുകയും ഭാഷാ വൈദഗ്ധ്യത്തിന്റെ പ്രാധാന്യം എടുത്തുപറയുകയും ചെയ്തു. ദേശീയഗാനത്തോടെ അസംബ്ലി സമാപിച്ചു.



ലിറ്റിൽ കൈറ്റ്സ് കുട്ടികൾ സ്വാതന്ത്ര്യദിനാഘോഷത്തിൽ (ഫയൽ ചിത്രം)

# മധുരമൂറും പായസം വിളമ്പി



മഞ്ചേരി: എച്ച് എം വൈ എച്ച് എസ് എസ് മഞ്ചേരിയിൽ മധുരമൂറും പായസവിരുന്ന് ഒരുക്കി. അധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ചു ചേർന്ന് ഒരുക്കിയ പായസം മുഴുവൻ സ്കൂൾ കുട്ടികൾക്കും വിതരണം ചെയ്തു. പാരമ്പര്യത്തിന്റെ മധുരം പങ്കുവെച്ച ചടങ്ങിൽ എല്ലാവരും ആവേശത്തോടെ പങ്കെടുത്തു. പാചകത്തിനും വിളമ്പലിനും വിദ്യാർത്ഥികളും അധ്യാപകരും സജീവമായി സഹകരിച്ചു. മധുര സ്മരണകൾ നിറഞ്ഞ ഈ വിരുന്ന് സ്കൂൾ ജീവിതത്തിലെ ഓർമ്മയായിത്തീർന്നു.

## സുബ്രതോ മുഖർജി ഫുട്ബോൾ ടൂർണമെന്റിനു വേണ്ടിയുള്ള സ്കൂൾ ടീം സെലക്ഷൻ.



ഓഗസ്റ്റ് ആദ്യവാരം നടക്കുന്ന ഫുട്ബോൾ ടൂർണമെന്റിന് മുന്നോടിയായി ജൂണിൽ സ്കൂൾ തുറന്ന് രണ്ടാഴ്ചകം തന്നെ ഫുട്ബോൾ ടീം സെലക്ഷൻ നടത്തി കുട്ടികൾക്ക് ഫുട്ബോൾ കോച്ചിംഗ് ക്യാം ആരംഭിച്ചു. Under-15 & Under-17 ആൺകുട്ടികളുടെ ഫുട്ബോൾ ടീം സെലക്ഷൻ ആണ് HMYHS സ്കൂൾ ഗ്രൗണ്ടിൽ നടന്നത്.

## കുട്ടികൾക്കായി യോഗ പരിശീലന ക്യാമ്പ് .



ഹൈ സ്കൂൾ കുട്ടികൾ യോഗ പരിശീലനം നടത്തുന്നു

ഹെൽത്ത് ആൻഡ് ഫിസി ക്കൽ എജ്യുക്കേഷൻ വിഷയത്തിന്റെ ഭാഗമായും കുട്ടികളുടെ സമഗ്ര പുരോഗതിക്കും ആരോഗ്യത്തിനുമായി സ്കൂളിൽ യോഗ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു.

കായിക അധ്യാപകന്റെ നേതൃത്വത്തിൽ നടന്ന ഈ ക്യാമ്പിൽ 8-ാം ക്ലാസും 9-ാം ക്ലാസും ഉൾപ്പെട്ട വിദ്യാർത്ഥികൾ പങ്കെടുത്തു. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് സഹായകരമായ നിരവധി യോഗാസനങ്ങൾ പരിശീലിപ്പിക്കുകയും യോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണവും നടത്തുകയും ചെയ്തു.

ആരോഗ്യ കായിക വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളിൽ ആരോഗ്യചിന്തയും ശാരീരിക ശാക്തീകരണവും വളർത്തുക എന്നതാണ് ക്യാമ്പിന്റെ പ്രധാന ലക്ഷ്യം.

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

# ആർട്സ് ക്ലബ് കുട്ടികൾക്ക് സെലക്ഷൻ ലഭിച്ചു

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ എല്ലാവർഷവും നടത്തിവരാറുള്ള IDSFFK ( International Documentary and Short Film Festival of Kerala) യിൽ മലയാളം ഷോർട്ട് ഫിക്ഷൻ കാറ്റഗറിയിൽ നമ്മുടെ Team HMY ആർട്സ് ക്ലബ് കുട്ടികൾ ചെയ്ത വർക്കിന് സെലക്ഷൻ ലഭിച്ചിരിക്കുന്നു.

ഡയറക്ഷൻ സ്ക്രിപ്റ്റ് : ജിഷ്ണു കെ മനോജ്

അസിസ്റ്റന്റ് ഡയറക്ടർ : ജിതിൻ കെ മനോജ് & മാധവ് പൂഴിക്കുത്ത്

അഭിനേതാക്കൾ : അനുശ്രീ, ഷബീഹ (ആർട്ട് ഡയറക്ടർ : ഷെഫീഖ് , സൗണ്ട് : ആഷിക് , സൗണ്ട് അസിസ്റ്റന്റ്: റിസ് വാൻ

തുടങ്ങി നമ്മുടെ സ്കൂളിലെ നിലവിലുള്ളതും പൂർവ്വ വിദ്യാർത്ഥികളും ഇതിന്റെ ഭാഗമായി, കദീജ ടീച്ചറുടെ പ്രൊഫഷണൽ സ്റ്റുഡിയോയും ആണ് ഉപയോഗിച്ചത്.

# സജീവമണ് സ്കൂൾ ജിം



എച്ച്എംവൈ എച്ച്എസ്എസിലെ കായികതാരങ്ങൾക്കായി സ്ഥാപിച്ചിരിക്കുന്ന സ്കൂൾ ജിം ഇപ്പോൾ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തപ്പെടുകയാണ്. വിദ്യാർത്ഥികളിൽ നിന്ന് ദേശീയ – സംസ്ഥാന തലങ്ങളിലേയ്ക്ക് കായിക രംഗത്ത് ഉയരാൻ ശക്തിയും ചുമത്തരവും വളർത്തുന്നതിനായി ജിം സൗകര്യം ഒരുക്കിയിട്ടുണ്ട്. ജിം ഉപകരണങ്ങൾ ഉപയോഗിച്ച് കായികതാരങ്ങൾ ദിവസേന പരിശീലനം നടത്തുകയും ശാരീരിക മികവും ഫിറ്റ്നസ്സും ഉയർത്തുകയുമാണ് ചെയ്യുന്നത്. സ്പോർട്സ് ടീം അംഗങ്ങൾക്കായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളുടെ ഭാഗമായാണ് ജിം പരിശീലനം നടക്കുന്നത്. കായിക അധ്യാപകരുടെ മേൽനോട്ടത്തിൽ നടത്തുന്ന പരിശീലനത്തിലൂടെ പഠനത്തോടൊപ്പം കായിക മികവിലും മികച്ച വിജയം കൈവരിക്കാനുള്ള വിദ്യാർത്ഥികളുടെ ശ്രമം ശ്രദ്ധേയമാണ്.